**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1855 — 17.12.2012-ൽ മറുപടിക്ക്

## മദ്യശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന നടപടി

**ചോദ്യം**

ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.വി.ശശി
ശ്രീ.ജി.എസ്.ജയലാൽ

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

(എ) മദ്യശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും അധികാരം നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ;

(എ) 25.11.2012-ാം തീയതി പുറപ്പെടുവിച്ച, മുനിസിപ്പാലിറ്റീസ് ആക്ട്/പഞ്ചായത്തീരാജ് ആക്ട് എന്നിവയുടെ ഭേദഗതി ഓർഡിനൻസ് പ്രകാരം, പുതിയ അബ്കാരി ഷോപ്പുകൾ ആരംഭിക്കുന്നതിന്, കോർപ്പറേഷൻ/മുൻസിപ്പാലിറ്റിയുടേയോ, പഞ്ചായത്തിന്റെയോ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. ഇത് സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനൻസ്.

(ബി) എങ്കിൽ ഏതെല്ലാം ഗ്രേഡിലുള്ള മദ്യശാലകൾക്കാണ് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവാദം നൽകാൻ കഴിയുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ, മദ്യശാലകൾക്ക് ലൈസൻസ് അനുവദിക്കുന്നത് എക്സൈസ് വകുപ്പ് തന്നെയാണ്. 1077-ലെ അബ്കാരി ആക്ടും, അതിൻ കീഴിൽ നിയമ നിർമ്മാണം നടത്തിയിട്ടുള്ള ചട്ടങ്ങളും പ്രകാരമുള്ള കള്ള് ഷാപ്പോ, വിദേശ മദ്യഷാപ്പോ, വിദേശ മദ്യ ചില്ലറ വില്പന സ്ഥാപനങ്ങളോ, FL-9 ഷാപ്പുകളോ, ബാർ ഹോട്ടലോ പുതുതായി അനുവദിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നോ മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ നിന്നോ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്.

(സി) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(സി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി, അടുത്ത അബ്കാരി വർഷം മുതൽ പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് നൽകൂ എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെതന്നെ, ബാറുകളുടെ

| | | | |
|---|---|---|---|
| | | | പ്രവർത്തന സമയം മൂന്ന് മണിക്കൂർ വെട്ടി കുറച്ചു. പുതിയ FL-1 ഷാപ്പുകൾ അനുവദിയ്ക്കയില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. മദ്യത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടിക്ക് കൂടുതൽ ഫണ്ട് അനുവദിച്ചു. ബോധവത്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തി. ഇതെല്ലാം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി എടുത്ത നടപടികളാണ്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നതു മൂലം മദ്യശാലകളുടെ എണ്ണം വർദ്ധിക്കുവാൻ സാദ്ധ്യതയുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം പുന: പരിശോധിക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ.